ജില്ലയിലെ അമുവിക്കരയിൽ മണിക്കൂറിൽ 7500 ലിറ്റർ ശേഷിയുള്ള യൂണിറ്റ് സ്ഥാപിക്കാൻ കരാർ നൽകുകയും പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നടപ്പ് സാമ്പത്തിക വർഷം യൂണിറ്റ് പ്രവർത്തനക്ഷമമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) പദ്ധതിക്കായി സ്വകാര്യ സംരംഭകരുടെ സഹായം തേടിയിട്ടില്ല. അതോറിറ്റിയുടെ പൂർണ്ണ ഉടമസ്ഥതയിൽ പ്ലാന്റ് സ്ഥാപിച്ച് നിശ്ചിത കാലയളവിൽ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ജീനക്കാർക്ക് ആവശ്യമായ പരിചയം ലഭിക്കുന്നതുവരെ പ്രവർത്തിപ്പിക്കുവാനാണ് കരാർ നൽകിയിട്ടുള്ളത്.

(ഡി) നദികളിൽ കൂടി ഒഴുകിവരുന്ന ഉപരിതല ജലം മാത്രമാണ് പദ്ധതിക്കായി പ്രയോജനപ്പെടുത്തുന്നത്. ഉപരിതല ജലം ലഭ്യമാകാത്ത സമയം യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതല്ല.

ജലവിതരണം കാര്യക്ഷമമാക്കാൻ നടപടി

78 (2178) ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ ജലവിതരണം കാര്യക്ഷമമാക്കുന്നതിനും അറ്റകുറ്റപ്പണികൾ അടിയന്തരമായി നിർവ്വഹിക്കുന്നതിനും ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക വിഭാഗം നിലവിലുണ്ടോ ;

(ബി) ഇത്തരം ദ്രുതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നിർദ്ദേശങ്ങളാണുള്ളത് ;

(സി) തലസ്ഥാനനഗരി ഉൾപ്പെടെയുള്ള നഗരപ്രദേശങ്ങളിൽ അടിക്കടി പല കാരണങ്ങളാൽ ജലവിതരണം മുടങ്ങുന്നത് തടയാൻ ഇത്തരം ദ്രുതകർമ്മ സേനകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) പൈപ്പ് ലൈനുകളിലെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നിർവ്വഹിക്കുന്നതിന് വേണ്ടി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, കോഴിക്കോട് എന്നീനഗരങ്ങളിൽ ക്വിക്ക് ബ്രിഗേഡ് എന്ന പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

(ബി) മറ്റ് 9 ജില്ലകളിൽ കൂടി ക്വിക്ക് ബ്രിഗേഡ് സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്വിക്ക് ബ്രിഗേഡിന് ആവശ്യമായ വാഹനങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ ഒരു ജീപ്പും മൂന്ന് ഷിഫ്റ്റ് ജോലിക്കാരുമാണ് ദ്രുതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കുള്ളത്. ജിക്കയുടെ സഹായത്തോടുകൂടി ജനറേറ്റർ, പമ്പ്, മറ്റ് യന്ത്ര സാമഗ്രികൾ എന്നിവയടങ്ങിയ ഒരു മെയിന്റനൻസ് വാനും ഒരു ടാങ്കർ ലോറിയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾക്ക് ലഭ്യമാക്കിക്കൊണ്ട് ദ്രുതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല 14 ജില്ലകൾക്കും ദ്രുതകർമ്മസേനയുടെ ഉപയോഗത്തിന് മാത്രമായി ഒരു ജീപ്പ് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ശുദ്ധജല വിതരണ നയം

78 (2177) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ശുദ്ധജല വിതരണനയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പാചകം, കുടിവെള്ളം എന്നീ ആവശ്യങ്ങൾക്ക് തീർത്തും ശുദ്ധമായ ജലം കേരളത്തിലെ ജനങ്ങൾക്ക് എത്തിക്കാനാവുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) മറ്റുള്ള ആവശ്യങ്ങൾക്കും കുടിവെള്ളം തന്നെ ഉപയോഗിക്കാൻ പട്ടണപ്രദേശങ്ങളിലെ ജനങ്ങൾ നിർബന്ധിതരാവുന്നു എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

(ഡി) കുളിക്കാനും, നനയ്ക്കാനും, കൃഷി ആവശ്യത്തിനും കുടിവെള്ളം ഉപയോഗിക്കുന്നതുകൊണ്ട് ശുദ്ധീകരണ വിതരണച്ചെലവിനത്തിലുണ്ടാകുന്ന നഷ്ടത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) പട്ടണങ്ങളോടു ചേർന്ന് ലഭ്യമാകുന്ന പുഴ, തടാകം എന്നിവയിലെ ജലസമ്പത്ത് കുടിവെള്ള ഇതര ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(എഫ്) ആയിരം ലിറ്റർ ജലം പൂർണ്ണമായി ശുദ്ധീകരിച്ച് വിതരണ യോഗ്യമാക്കാൻ ശരാശരി എത്ര തുക ചെലവാകുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ജി) കുപ്പിവെള്ളം വിൽപ്പന നടത്തുവാനുള്ള വാട്ടർ അതോറിറ്റിയുടെ പദ്ധതി വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) സ്രോതസ്സ് കിണറുകളിൽ നിന്നും ലഭ്യമാക്കുന്ന ജലത്തിന്റെ അളവുകൂടി കണക്കിലെടുത്താൽ എല്ലാ ജന ആവാസ കേന്ദ്രങ്ങളിലും 40 എൽ.പി.സി.ഡി.

LIBRARY ARCHIVES Kerala Legislative Assembly